## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5462 24.05.2017 – ലെ മറുപടിക്ക്

ചോദ്യം

ശ്രീ. ആർ.രാമചന്ദ്രൻ

ഉത്തരം

പിണറായി വിജയൻ

മുഖ്യമന്ത്രി

**മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി**

| | | |
|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്തവരെയാണ് സഹായിക്കുന്നത്; എത്ര രൂപ വരെയുള്ള തുകയ്ക്ക് കടാശ്വാസം ലഭിക്കുമെന്ന് വിശദീകരിക്കുമോ; | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക-ജാതി, പട്ടിക-വർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവരെയാണ് മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം സഹായിക്കുന്നത്.<br>പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് അഞ്ചുലക്ഷം രൂപ വരെ വായ്പയെടുത്തവർക്കാണ് കടാശ്വാസം ലഭിക്കുന്നത്. |
| (ബി) | ഏതെല്ലാം വിഭാഗത്തിൽപെട്ട ലോണുകൾക്കാണ് കടാശ്വാസം ലഭിക്കുക എന്ന് വ്യക്തമാക്കുമോ; | 20.08.2016ലെ സ.ഉ.(പി)നം.118/2016/ധന ഉത്തരവിന്റെ അനുബന്ധമായുള്ള പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.4 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വായ്പകൾ ഒഴികെയുള്ളവയാണ് കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നത്.<br>• സ്വർണ ഈടിന്മേലുള്ള വായ്പകൾ<br>• സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ<br>• വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ<br>• അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ<br>• ഉത്തരവ് തീയതിയിൽ കടബാധ്യത നിലവിലില്ലാത്ത വായ്പകൾ |
| (സി) | ഈ പദ്ധതി നിലവിൽ വന്നതിനുശേഷം എത്രപേർക്ക് എത്ര തുകയുടെ കടാശ്വാസം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ? | ഈ പദ്ധതി നിലവിൽ വന്നതിനുശേഷം കടാശ്വാസവും പലിശയിളവുമായി 1028 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ കടാശ്വാസമായി 1,69,46,403 രൂപയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

**സർക്കാരിന്റെ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളിലെ കുടിശ്ശികയിൻമേൽ കടാശ്വാസം—വായ്പാ പലിശ/പിഴപ്പലിശ എഴുതിത്തള്ളൽ—ഉത്തരവാകുന്നു**

---

ധനകാര്യ (രഹസ്യ വിഭാഗം) വകുപ്പ്

**സ. ഉ. (പി) നമ്പർ 118/2016/ധന. തിരുവനന്തപുരം, 2016 ആഗസ്റ്റ് 20.**

---

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽനിന്ന് എടുത്ത അഞ്ചുലക്ഷം രൂപവരെയുള്ള വായ്പകളിൽ, മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടും സാമ്പത്തിക പ്രയാസത്താൽ ബാക്കി തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി ഭീഷണി നേരിടുന്ന താഴ്ന്ന വരുമാനക്കാരായ നിരവധി പേരുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടിക ജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ,കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, റവന്യൂ വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് അഞ്ച് ലക്ഷം രൂപവരെ വായ്പയെടുത്തിട്ടുള്ളതും മുതലും പലിശയും പിഴപ്പലിശയുമുൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ച് കഴിഞ്ഞിട്ടുള്ളവർക്കുമായി കടാശ്വാസം അനുവദിച്ചുകൊണ്ടും, മുതലും പലിശയും പിഴപ്പലിശയുമുൾപ്പെടെ മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ

4.2870.2016.S-22.

രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി ഇരുപത്തിനാല് പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കാവുന്ന വിധത്തിൽ വായ്പ പുനഃക്രമീകരിച്ചുകൊണ്ടും അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗരേഖയ്ക്ക് വിധേയമായി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. എം. എബ്രഹാം,
*അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ.), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.

എല്ലാ വകുപ്പ്/ഓഫീസ് തലവൻമാർക്കും.

നിയമം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.

എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറി.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

പൊതുഭരണ (എസ്.സി.) വകുപ്പ് (19-8-2016-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നമ്പർ 210 പ്രകാരം).

ഹൗസിംഗ് കമ്മീഷണർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (ഉപരി പത്രം സഹിതം).

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (ഉ.പ.സ.).

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (ഉ.പ.സ.).

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ ക്ഷേമ കോർപ്പറേഷൻ (ഉ.പ.സ.).

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (ഉ.പ.സ.).

കമ്മീഷണർ, ലാന്റ് റവന്യൂ (ഉ.പ.സ.).

നോഡൽ ഓഫീസർ, www.finance.kerala.gov.in

ഓഫീസ് പകർപ്പ്/സൂക്ഷിപ്പ് ഫയൽ.

# ഉള്ളടക്കം


| | പേജ് |
|---|---|
| • ആമുഖം | 7 |
| • വ്യാപ്തി | 7 |
| • നിർവചനങ്ങൾ | 7 |
| • വായ്പാസ്ഥാപനങ്ങൾ | 7 |
| • അർഹതാതുക | 8 |
| • കടാശ്വാസം | 8 |
| • പലിശയെഴുതിത്തള്ളൽ | 8 |
| • പദ്ധതി ഗുണഭോക്താവ് | 9 |
| • വായ്പാതരം | 9 |
| • പദ്ധതി നടത്തിപ്പ്/വായ്പാസ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങൾ | 9 |
| • സംശയദൂരീകരണം/പരാതിപരിഹാരം | 10 |
| • നോഡൽ ഏജൻസി | 11 |
| • പലിശയും മറ്റ് ചാർജ്ജുകളും | 11 |
| • നഷ്ടപരിഹാരത്തുക | 11 |
| • പദ്ധതി മേൽനോട്ടം | 11 |
| • ഓഡിറ്റിംഗ് | 12 |
| • പരസ്യവും പ്രചാരണവും | 12 |
| • വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നത് സംബന്ധിച്ച് | 12 |
| • അനുബന്ധങ്ങൾ | 12 |
| 1. വായ്പാ വിവരങ്ങൾ—മാതൃക | 13 |
| 2. അപേക്ഷ—മാതൃക | 14 |
| 3. വായ്പാസ്ഥാപനങ്ങൾ | 16 |
| 4. മോണിറ്ററിംഗ് സമിതി | 16 |

# മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി—2016

## 1. ആമുഖം

1.1 സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തി ഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിന് നടപ്പാക്കുന്ന ഒറ്റത്തവണ കടാശ്വാസ പദ്ധതി.

1.2 കടാശ്വാസ പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു.

## 2. വ്യാപ്തി

2.1 ഈ മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, റവന്യൂ വകുപ്പ് (ആയവ "വായ്പാ സ്ഥാപനങ്ങൾ" എന്ന് ഈ മാർഗ്ഗരേഖയിൽ പരാമർശിക്കുന്നതായിരിക്കും) എന്നിവയിൽ നിന്ന് പരമാവധി അഞ്ച് ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കിയതും പലിശ ഉൾപ്പെടെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടവ് നടത്തിയിട്ടുള്ളതും സാമ്പത്തിക പ്രയാസം മൂലം യഥാസമയം വായ്പാ തിരിച്ചടവ് നടത്താത്തതിനാൽ ജപ്തിഭീഷണി നേരിടുന്നതുമായ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർ ഈ പദ്ധതിയിൽ ഉൾപ്പെടുന്നതായിരിക്കും.

2.2 ഉത്തരവിന്റെ തീയതിവരെയുള്ള "അർഹതാതുക"കളിന്മേൽ പദ്ധതിയുടെ ഗുണഫലം ലഭിക്കുംവിധം പദ്ധതിക്ക് പ്രാബല്യമുണ്ടായിരിക്കും.

## 3. നിർവചനങ്ങൾ

### 3.1 വായ്പാ സ്ഥാപനങ്ങൾ

കേരള സർക്കാരിനു കീഴിലുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള വായ്പകളെയാണ് വായ്പാ പലിശ ഇളവ്/കടാശ്വാസ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. (പ്രസ്തുത സ്ഥാപനങ്ങളെ മേലിൽ "വായ്പാസ്ഥാപനങ്ങൾ" എന്ന് ഈ മാർഗ്ഗരേഖയിൽ പരാമർശിക്കുന്നതായിരിക്കും.)

- കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
- പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്കവിഭാഗ വികസന കോർപ്പറേഷനുകൾ

- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ
- കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ
- റവന്യൂ വകുപ്പ്.

3.2 അർഹതാ തുക

അഞ്ചുലക്ഷം രൂപ വരെയുള്ള വായ്പകളിൽ കടാശ്വാസത്തിന് അല്ലെങ്കിൽ വായ്പാപലിശ ഇളവിന് അർഹതയുള്ള തുക (ആയത് "അർഹതാതുക" എന്ന് ഈ മാർഗ്ഗരേഖയിൽ പരാമർശിക്കുന്നതായിരിക്കും) ചുവടെ സൂചിപ്പിക്കുന്നവയാണ്.

(a) കടാശ്വാസം (പൂർണ്ണമായും എഴുതിത്തള്ളുന്നത്)

(i) റവന്യൂ വകുപ്പിൽനിന്ന് ലഭ്യമാക്കിയിട്ടുള്ള Low Income Group Housing (LIGH), Middle Income Group Housing (MIGH) വായ്പകളിലെ കുടിശ്ശിക തുക.

(ii) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽനിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും, മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയിട്ടുള്ളതുമായ വായ്പകൾ.

(iii) വായ്പാ സ്ഥാപനങ്ങളിൽ നിന്ന് അനുവദിക്കപ്പെട്ട പരമാവധി അഞ്ചു ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയതിൽ ബാക്കി നിൽക്കുന്ന തുക.

(b) പലിശ/പിഴപ്പലിശ എഴുതിത്തള്ളുന്നത്

(i) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ചു തീർത്ത തുമായ വായ്പയിൽ ബാക്കി നിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.

(ii) റവന്യു വകുപ്പ് ഒഴികെയുള്ള വായ്പാസ്ഥാപനങ്ങളിൽ നിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ചു തീർത്തതുമായ വായ്പയിൽ ബാക്കി നിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ള തുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.

3.3 പദ്ധതി ഗുണഭോക്താവ്

(a) മേൽപ്രകാരം അർഹതാതുക കടാശ്വാസമായോ പലിശ/പിഴപ്പലിശയിളവായോ ആനുകൂല്യം ലഭിക്കാനിടയുള്ളതും 'വായ്പാ സ്ഥാപനത്തിൽ' നിന്ന് വായ്പയെടുത്ത (അർഹതാ പട്ടികയിൽ ഇടം നേടിയ) വ്യക്തി/നിയമാനുസൃത അനന്തരാവകാശി.

3.4 വായ്പാ തരം

(a) ചുവടെ ചേർത്തിരിക്കുന്ന വായ്പകൾ ഒഴികെയുള്ളവ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

- സ്വർണ ഈടിന്മേലുള്ള വായ്പകൾ
- സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ
- വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ
- അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ
- ഉത്തരവ് തീയതിയിൽ കട ബാധ്യത നിലവിലില്ലാത്ത വായ്പകൾ

4. പദ്ധതി നടത്തിപ്പ്/വായ്പാ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങൾ

(a) ഈ പദ്ധതിന്മേൽ പലിശ/പിഴപ്പലിശ എഴുതിത്തള്ളലിന് അർഹതയുള്ളവരുടെ ഒരു പട്ടികയും കടാശ്വാസം അനുവദിക്കുന്നതിന് അർഹതയുള്ളവരുടെ ഒരു പട്ടികയും ഓരോ വായ്പാസ്ഥാപനങ്ങളും പ്രത്യേകമായി എക്സൽ ഷീറ്റിൽ ധനകാര്യ (രഹസ്യ വിഭാഗം) വകുപ്പ് നിഷ്കർഷിക്കുന്ന നിശ്ചിത മാതൃകയിൽ (അനുബന്ധം-1 കാണുക) തയ്യാറാക്കേണ്ടതാണ്.

4 2870 2016 S-22.

(b) കടാശ്വാസത്തിന്റെയും വായ്പ എഴുതിത്തള്ളലിന്റെയും വിശദാംശങ്ങൾ സഹിതം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കുന്ന അർഹതാപട്ടികകൾ കൃത്യവും സത്യസന്ധവും സമഗ്രവുമാക്കാൻ വായ്പാ സ്ഥാപനങ്ങൾ ഉത്തരവാദികളായിരിക്കും. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി തയ്യാറാക്കി സൂക്ഷിക്കുന്ന ഏതൊരു രേഖകളിലും പട്ടികകളിലും പുറപ്പെടുവിക്കുന്ന സർട്ടിഫിക്കറ്റുകളിലും വായ്പാസ്ഥാപനത്തിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പും ഉദ്യോഗപ്പേരും ഉണ്ടായിരിക്കണം.

(c) പദ്ധതി ഗുണഭോക്താവ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതാണെന്നും ആയതിനാൽ തിരിച്ചടയ്ക്കാൻ കഴിവില്ലെന്നും നിശ്ചിത മാതൃകയിൽ സത്യപ്രസ്താവന വായ്പാസ്ഥാപനത്തിന് നൽകേണ്ടതാണ് (അനുബന്ധം-2 കാണുക). അപേക്ഷ ലഭ്യമാക്കിയില്ലെന്ന കാരണത്താൽ ഒരു ഗുണഭോക്താവിനെയും ആദ്യ ഘട്ടത്തിൽ ഗുണഭോക്തൃ പട്ടികയിൽ നിന്ന് ഒഴിവാക്കാൻ പാടുള്ളതല്ല.

(d) വായ്പാ സ്ഥാപനം തയ്യാറാക്കിയ അർഹതാപ്പട്ടികയിൽപ്പെട്ടയാളിൽ നിന്ന് അപേക്ഷയും സത്യവാങ്മൂലവും നിശ്ചിത തീയതിയിൽ സ്വീകരിച്ച് ഉടൻ രസീത് നൽകേണ്ടതാണ്. ഗുണഭോക്താവിൽ നിന്ന് തിരിച്ചറിയൽരേഖയുടെ പകർപ്പും ആവശ്യമെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റും ഒഴികെ മറ്റ് സർട്ടിഫിക്കറ്റുകളൊന്നും ആവശ്യപ്പെടാൻ പാടില്ല. അപേക്ഷയിൽ ന്യൂനതകൾ ഉള്ളപക്ഷം എല്ലാ ന്യൂനതകളും 15 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(e) ന്യൂനതകളില്ലാത്ത/പരിഹരിച്ച അപേക്ഷകളിന്മേൽ 2 മാസത്തിനകം തീർപ്പ് കൽപ്പിച്ച് പദ്ധതിയുടെ ഗുണഫലം വായ്പയെടുത്തയാൾക്ക് അനുഭവവേദ്യമാക്കേണ്ടതാണ്. ആയതിനായി പ്രസ്തുത കാലയളവിനുള്ളിലെ ഒരു തീയതി ഗുണഭോക്താവിനെ മുൻകൂട്ടി അറിയിക്കേണ്ടതും പ്രസ്തുത തീയതിയിൽ ഗുണഭോക്താവിന് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് നൽകേണ്ടതും വായ്പാസ്ഥാപനത്തിൽ നൽകിയിരിക്കുന്ന എല്ലാ ഈടുകളും തിരികെ നൽകേണ്ടതുമാണ്. വായ്പാ പലിശ/പിഴപ്പലിശയിളവ്/കടാശ്വാസത്തിന് അർഹനായ ഗുണഭോക്താവിന്റെ വിശദാംശങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി ധനകാര്യവകുപ്പ് മുഖേന നിർദ്ദിഷ്ട വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതാണ്.

5. സംശയ ദൂരീകരണം/പരാതി പരിഹാരം

(a) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകാവുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഓരോ വായ്പാസ്ഥാപനവും റിസോഴ്സ്പേഴ്സണെ/മാരെ നിയോഗിക്കേണ്ടതും നേരിട്ടും ഫോൺമുഖേനയും (8 a.m.-8 p.m.) ബന്ധപ്പെടുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്.

(b) ഗുണഭോക്തൃ നിർണയം, പദ്ധതി നടത്തിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന പരാതികൾ പരിഹരിക്കുന്നതിന് ഓരോ വായ്പാസ്ഥാപനവും പ്രത്യേക പരാതി പരിഹാര ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതാണ്. പരാതിയിന്മേൽ പ്രസ്തുത ഉദ്യോഗസ്ഥൻ 30 ദിവസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതാണ്.

(c) ഗുണഭോക്തൃ നിർണയം, പലിശ/പിഴപ്പലിശ ഈടാക്കൽ, പദ്ധതി നടത്തിപ്പ്, പരാതിയിന്മേലുള്ള അപ്പീൽ തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള യാതൊരു അനുബന്ധവിഷയത്തിന്മേലും ഉണ്ടായേക്കാവുന്ന സംശയ ദുരീകരണത്തിനും സ്പഷ്ടീകരണത്തിനുമായി തുടർ നിർദ്ദേശങ്ങളും ഉത്തരവുകളും ധനകാര്യ വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്നതായിരിക്കും. ആയതിന്മേൽ സർക്കാരിന്റെ തീരുമാനം അന്തിമവുമായിരിക്കും.

**6. നോഡൽ ഏജൻസി**

പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസി ധനകാര്യ (രഹസ്യവിഭാഗം) വകുപ്പായിരിക്കും.

**7. പലിശയും മറ്റ് ചാർജ്ജുകളും**

(a) "വായ്പാസ്ഥാപനങ്ങൾ" 1-9-2016-ന് ശേഷം "അർഹതാതുക"യിൻമേൽ യാതൊരുവിധ പലിശ/പിഴപ്പലിശയും ഈടാക്കാൻ പാടില്ല.

(b) പലിശയിളവിന് അർഹതയുള്ള പദ്ധതി ഗുണഭോക്താവ് നിശ്ചിത പലിശ/പിഴപ്പലിശ 24 തുല്യഗഡുക്കളായി അടയ്ക്കുന്നതിൽ തുടർച്ച യായി 3 പ്രാവശ്യം വീഴ്ച വരുത്തുന്നപക്ഷം തുടർന്ന് ആനുകൂല്യം ലഭിക്കുന്നതല്ല.

**8. നഷ്ടപരിഹാര തുക**

(a) വായ്പാസ്ഥാപനത്തിന് സംസ്ഥാന സർക്കാരിൽ നിന്ന് ആവശ്യ പ്പെടാവുന്ന പലിശ/പിഴപ്പലിശയിനത്തിലെ നഷ്ടപരിഹാരത്തുക യാതൊരു സാഹചര്യത്തിലും മുതലിനേക്കാൾ അധികമാവാൻ പാടുള്ളതല്ല.

**9. പദ്ധതി മേൽനോട്ടം**

(a) വായ്പാസ്ഥാപനം, ബന്ധപ്പെട്ട വകുപ്പ്, ധനവകുപ്പ് എന്നീ തലങ്ങളിൽ നിയോഗിക്കപ്പെട്ട സമിതി പദ്ധതി മേൽനോട്ടം നടത്തുന്ന താണ് (അനുബന്ധം-4 കാണുക).

(b) ഗുണഭോക്തൃനിർണ്ണയം, പദ്ധതി നടത്തിപ്പ് ഇവ സംബന്ധിച്ച് 10% കേസുകളിൽ ധനവകുപ്പിന്റെ പരിശോധനാ വിഭാഗം സമാന്തരമായി സൂക്ഷ്മ പരിശോധന/ഇൻസ്പെക്ഷൻ നടത്തുന്നതാണ്. പദ്ധതി നടത്തിപ്പിൽ വീഴ്ച/ക്രമക്കേട് കണ്ടെത്തുന്നപക്ഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ/ന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

**10. ഓഡിറ്റിംഗ്**

(a) പദ്ധതിയുടെ ഓഡിറ്റിംഗ്/സ്പെഷ്യൽ ഓഡിറ്റിംഗ് ധനകാര്യവകുപ്പ് നിർവഹിക്കുന്നതാണ്.

**11. പരസ്യവും പ്രചാരണവും**

(a) പദ്ധതി സംബന്ധിച്ച മലയാളത്തിലുള്ള പരസ്യം ബന്ധപ്പെട്ട വായ്പാ സ്ഥാപനങ്ങൾ ആയവയുടെ എല്ലാ ശാഖകളിലും ബന്ധപ്പെട്ട വെബ്സൈറ്റുകളിലും പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുംവിധം പ്രദർശിപ്പിക്കേണ്ടതും വായ്പ പലിശയിളവ്/കടാശ്വാസം ലഭിക്കാനിടയുള്ളവരെ അറിയിക്കേണ്ടതുമാണ്. സർക്കാർതലത്തിൽ മറ്റ് ഉചിത മാർഗ്ഗങ്ങളിലും ആവശ്യമെങ്കിൽ പദ്ധതി സംബന്ധിച്ച പ്രചാരണം നടത്തുന്നതാണ്.

**12. വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നത് സംബന്ധിച്ച്**

(a) ഈ പദ്ധതിയുടെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നത് സംബന്ധിച്ചോ, ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ചോ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം പ്രസ്തുത ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ആവശ്യമായതെന്തും സംസ്ഥാന സർക്കാർ ഉത്തരവ് മുഖേന നടപ്പാക്കുന്നതാണ്. മാർഗ്ഗരേഖയിൽ എന്തുതന്നെ സൂചിപ്പിച്ചിരുന്നാലും ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

<u>അനുബന്ധങ്ങൾ</u>

1. പലിശയിളവ് അനുവദിക്കുന്നതിന് വായ്പ സംബന്ധിച്ച വിവരങ്ങളുടെ പ്രൊഫോർമ
2. അപേക്ഷ/സത്യവാങ്മൂലം
3. വായ്പാസ്ഥാപനങ്ങളുടെ ലിസ്റ്റ്
4. മോണിറ്ററിംഗ് സമിതി

## അനുബന്ധം-1

## കടാശ്വാസം/പലിശയിളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വായ്പ ലഭ്യമാക്കിയത് സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള മാതൃക (എം.എസ്.എക്സൽ ഫോർമാറ്റിൽ ലഭ്യമാക്കേണ്ടത്)

*financesecretsection@gmail.com, finss.fin@kerala.gov.in*

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | വായ്പ നൽകിയിട്ടുള്ള ജില്ല | വായ്പാ തീയതി | വായ്പയുടെ തരം/പദ്ധതി | വായ്പയെടുത്തയാളിന്റെ പേര് | എ.പി.എൽ./ബി.പി.എൽ./ഇൻകം ഗ്രൂപ്പ് | ലോൺ/തിരിച്ചറിയൽ നമ്പർ | വായ്പാ തുക | വായ്പ അനുവദിച്ച പലിശ നിരക്ക് | 30-6-2016 വരെ തിരിച്ചടവ് (പ്രിൻസിപ്പൽ) രൂപയിൽ | 30-6-2016-ലെ പ്രിൻസിപ്പൽ തിരിച്ചടവിലെ ബാക്കി (രൂപയിൽ) | 30-6-2016 വരെ ഡ്യൂ ആകുന്ന ആകെ പലിശ (രൂപയിൽ) | 30-6-2016 വരെ പലിശ തിരിച്ചടച്ചത് (രൂപയിൽ) | 30-6-2016-ൽ പലിശ തിരിച്ചടവിൽ ബാക്കിയുള്ള തുക (രൂപയിൽ) | പിഴപ്പലിശ (ഈടാക്കിയത് രൂപയിൽ) | പിഴപ്പലിശ നിരക്ക് | പിഴപ്പലിശ (ഈടാക്കാനുള്ളത് രൂപയിൽ) | ആർബിട്രേഷൻ ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ അധിക പലിശ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| | | | | | | | | | | | | | | | | | | | |

## അനുബന്ധം-2

## അപേക്ഷ

1. വായ്പയെടുത്തയാളിന്റെ പേര് :
2. വായ്പയെടുത്തയാൾ മരണപ്പെട്ടെങ്കിൽ നിയമാനുസൃത അനന്തരാവകാശിയുടെ പേര് :
3. പിതാവിന്റെ/ഭർത്താവിന്റെ പേര് :
4. മേൽവിലാസം :
5. ബന്ധപ്പെടാവുന്ന ഫോൺ നമ്പർ (നിർബന്ധമായും ചേർക്കുക) :
6. വയസ്സ്
7. തിരിച്ചറിയൽ രേഖയിലെ നമ്പർ (ഇലക്ഷൻ ഐഡി/ആധാർ/പാസ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ്/തൊഴിലുറപ്പ്/ഷെഡ്യൂൾഡ്-വാണിജ്യ ബാങ്ക് പാസ്ബുക്ക് എന്നീ തിരിച്ചറിയൽ രേഖയിലേതിന്റെയെങ്കിലും പകർപ്പും ചേർക്കുക) :
8. വായ്പ ലഭ്യമാക്കിയ സ്ഥാപനത്തിന്റെ പേര് :
9. വായ്പാ നമ്പർ :
10. വായ്പയെടുത്ത തുക :
11. വായ്പയെടുത്ത തീയതിയും പലിശ നിരക്കും (അറിയാമെങ്കിൽ) :
12. വായ്പയ്ക്ക് നൽകിയ ഈട് :
13. ആകെ തിരിച്ചടച്ചത് :
14. മുതലും പലിശയും ചേർത്തുള്ള ബാക്കി തുക (അറിയാമെങ്കിൽ) :

സാമ്പത്തിക പ്രയാസത്താൽ എനിക്ക് മുതലും പലിശയും ചേർത്തുള്ള ബാക്കി തുക അടച്ചു തീർക്കുവാൻ കഴിഞ്ഞിട്ടില്ല. ഞാൻ സാമ്പത്തികമായി പിന്നോക്ക വിഭാഗത്തിൽപ്പെടുന്നയാളാണ്. സ്വർണ്ണം ഈട് നൽകിയല്ല ഞാൻ വായ്പ ലഭ്യമാക്കിയിട്ടുള്ളത്. ഈ ആനുകൂല്യത്തിന് ഞാൻ മുമ്പ് അപേക്ഷിച്ചിട്ടില്ല. ആയതിനാൽ മുഖ്യമന്ത്രിയുടെ കടാശ്വാസ/പലിശ/പിഴപ്പലിശയെഴുതിത്തള്ളൽ പദ്ധതിയിലേക്ക് എന്നെ പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

സ്ഥലം : പേര് :

തീയതി : ഒപ്പ് :

[മറുപുറം

## സത്യവാങ്മൂലം

മേൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണമായും കൃത്യവും സത്യവുമാണെന്നും തെറ്റായി വിവരം നൽകുന്നതു കൊണ്ടോ ശരിയായ വിവരം നൽകാത്തതുകൊണ്ടോ വായ്പാസ്ഥാപന ത്തിനും സർക്കാരിനുമുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഞാൻ ഉത്തര വാദിയായിരിക്കുന്നതാണെന്നും പ്രസ്തുത ബാധ്യത പിഴ സഹിതം എന്റെ സ്ഥാവര ജംഗമങ്ങളിൽനിന്ന് ഈടാക്കാവുന്നതാണെന്നും സമ്മതിച്ച് ഇതിനാൽ സത്യവാങ്മൂലം നൽകുന്നു.

സ്ഥലം :　　　　　　　　　　　　പേര് :

തീയതി:　　　　　　　　　　　　ഒപ്പ് :

## അനുബന്ധം-3

## വായ്പാസ്ഥാപനങ്ങളുടെ ലിസ്റ്റ്

| *ക്രമനമ്പർ* | *വായ്പാസ്ഥാപനം* | *വകുപ്പ്* |
|---|---|---|
| 1 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | ഭവന വകുപ്പ് |
| 2 | കേരള സംസ്ഥാന റവന്യൂ വകുപ്പ് | റവന്യൂ വകുപ്പ് |
| 3 | കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് |
| 4 | കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ | പിന്നോക്കസമുദായ വികസന വകുപ്പ് |
| 5 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | സാമൂഹ്യനീതി വകുപ്പ് |
| 6 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ | സാമൂഹ്യനീതി വകുപ്പ് |

## അനുബന്ധം-4

## മോണിറ്ററിംഗ് സമിതി

| *വായ്പാ സ്ഥാപന ഹെഡ് ഓഫീസ് തലം* | *വകുപ്പ് തലം* | *സർക്കാർ തലം* |
|---|---|---|
| 1. ചെയർമാൻ | 1. വകുപ്പ് തലവൻ/ നോഡൽ ഓഫീസർ | 1. അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) |
| 2. അംഗങ്ങൾ | 2. അംഗങ്ങൾ | 2. സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി etc. |